# കേരളസർക്കാർ
## ജലസേചന ഉപവിഭാഗം, കാഞ്ഞങ്ങാട്
## പുനർ ദർഘാസ് പരസ്യം

**നമ്പർ:ഡി2.ടി.എൻ.1/2020** **തീയ്യതി: 25.09.2020**

കേരള ഗവർണർക്കു വേണ്ടി കാഞ്ഞങ്ങാട് ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനിയർ താഴെപ്പറയുന്ന പ്രവൃത്തിക്കുവേണ്ടി അദ്ദേഹത്തിന്റെ കാര്യാലയത്തിൽ നിന്ന് കേരള പൊതുമരാമത്ത് വകുപ്പ് /ജലസേചന വകുപ്പിൽ ഡി ക്ലാസ്സും അതിനു മുകളിലും യോഗ്യതയുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ ഷെഡ്യൂളുകൾ **06.10.2020** ഉച്ചക്ക് ശേഷം **1**മണിവരെ വിൽക്കപ്പെടുന്നതും പൂരിപ്പിച്ച ദർഘാസുകൾ **09.10.2020** ഉച്ചക്ക് ശേഷം **3**മണിവരെ തപാൽ മുഖേനയായി മാത്രം സ്വീകരിക്കുന്നതും പ്രസ്തുതദിവസം **3.30** മണിക്ക് അസി. എക്സിക്യൂട്ടിവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റു ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതുമാണ്. ഏതെങ്കിലും കാരണത്താൽ പ്രസ്തുതദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയങ്ങളിൽ ദർഘാസുകൾ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതുമാണ്. തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അതു സ്വീകരിക്കുന്ന അവസാന തീയ്യതി മുതൽ രണ്ട്മാസം വരെ ആയിരിക്കും.

തപാൽ മുഖേന, പ്രവൃത്തിയുടെ പേർ ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച കവറുകളിൽ രജിസ്ട്രേർഡ് തപാൽ/ സ്പീഡ് പോസ്റ്റ് മുഖേന ദർഘാസുകൾ സമർപ്പിക്കേണ്ടതാണ്. (NB: സ്വകാര്യ കുറിയർ വഴി അയക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല)

ക്രമ നമ്പർ, ദർഘാസ് നമ്പർ, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരതദ്രവ്യം, കാലാവധി, ടെണ്ടർ ഫോറത്തിന്റെ വില എന്നീ ക്രമത്തിൽ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | പ്രവൃത്തി പൂർത്തികരിക്കേണ്ടകാലാവധി | ടെണ്ടർ ഫോം വില |
|---|---|---|---|---|---|---|
| 1 | 1/2020-21 | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി – ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ചെറുകുറുപ്പ എന്ന സ്ഥലത്ത് കാര്യങ്കോട് പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം | രൂപ 2,04,489/- | രൂപ 5200/- | 4 മാസം | 500+GST |

Copy to:-

# ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 09.10.2020 വൈകുന്നേരം 3 മണിവരെ

ദർഘാസ് പ്രമാണങ്ങളും മറ്റുവിവരങ്ങളും ഈ ഓഫീസിൽനിന്ന് **06.10.2020** ഉച്ചക്ക് **1മണി**വരെ ദർഘാസ് ഫോറത്തിന്റെ വില ട്രഷറിയിൽ അടച്ചതിന്റെ ചലാൻ രസീത് സഹിതം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസുകൾ **09.10.2020** വൈകുന്നേരം **3മണി**വരെ മാത്രമേ സ്വീകരിക്കുകയുള്ളൂ. ദർഘാസുകൾ **09.10.2020** വൈകുന്നേരം **3.30**മണിക്ക് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് തൊട്ട് പിന്നീടുള്ള പ്രവൃത്തി ദിവസം ടി സമയത്ത് ടി ദർഘാസുകൾ നടത്തുന്നതാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ കോൺട്രാക്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിരിക്കുന്ന പണികളുടെ ആകെ അടങ്കൽ തുകയും സർട്ടിഫിക്കറ്റും അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേതാണ്. ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസി. എക്സി. എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാംപ് പതിച്ച് ഒപ്പിട്ടതുമായ നിരത ദ്രവ്യവും 250/-രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക ഉടമ്പടിയും ദർഘാസിനോടൊപ്പം സമർപ്പിക്കേതാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്തതും നേരിട്ട് സമർപ്പിക്കുന്നതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കേരള ജലസേചന വകുപ്പിൽ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

**അസി: എക്സി. എഞ്ചിനിയരുടെ കാര്യാലയം,**
**ജലസേചന ഉപവിഭാഗം.**
**കാഞ്ഞങ്ങാട്**

**തീയ്യതി : 25.09.2020**

**രമേശൻ.പി.**
**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**(കേരള ഗവർണർക്കു വേണ്ടി)**